## <u>റേഷൻ കാർഡ് പുതുക്കുന്നതിനുള്ള അപേക്ഷാ ഫാറം പൂരിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ</u>

നിലവിലുള്ള റേഷൻ കാർഡുകൾ പുതുക്കുന്നതിനും ഭക്ഷ്യ സുരക്ഷാ നിയമം 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുവേണ്ടിയുമുള്ള അപേക്ഷാ ഫാറം എല്ലാ കാർഡുടമകൾക്കും അതാത് റേഷൻ കടകളിൽ നിന്നും ലഭിക്കുന്നതാണ്.

അപേക്ഷാ ഫോറം സത്യസന്ധമായും, കൃത്യമായും , വ്യക്തതയോടും പൂരിപ്പിച്ച് അനുബന്ധ രേഖകൾ സഹിതം റേഷൻകടകളിൽ എൽപ്പിക്കേണ്ടതാണ്. അപേക്ഷാ ഫാറത്തിൽ നൽകുന്ന വിവരങ്ങൾ, ആദായ നികുതി, റവന്യൂ, മോട്ടോർ വാഹനം, തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം തുടങ്ങിയ വകുപ്പുകളിലും , കെ.എസ്.ഇ.ബി , ഗ്യാസ് ഏജൻസി എന്നീ സ്ഥാപനങ്ങളിലും മറ്റിതര സർക്കാർ ഏജൻസികളിലും ലഭ്യമായ വിവരങ്ങളുമായി ഒത്തു നോക്കുന്നതാകയാൽ തെറ്റായ വിവരങ്ങൾ നൽകുന്നവർക്കെതിരെ 1955 അവശ്യ സാധന നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും ഇൻഡ്യൻ ശിക്ഷാ നിയമം സെക്ഷൻ 191 പ്രകാരവും ശിക്ഷാ നടപടി സ്വീകരിക്കുന്നതായിരിക്കും.

<u>പാർട്ട്.എ:-</u> അപേക്ഷാ ഫാറം എ, ബി എന്നീ 2 ഭാഗങ്ങളായാണ് നൽകുന്നത്. എ വിഭാഗത്തിൽ നിലവിലുള്ള കാർഡിലെ വിവരങ്ങൾ പ്രിന്റ് ചെയ്ത് നൽകിയിട്ടുണ്ട്. പഴയ കാർഡിൽ നിന്നും മാറ്റം വരുത്തേണ്ട വിവരങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് വ്യക്തമായി എഴുതേണ്ടതാണ്.

<u>എ.2:-</u> ൽ കാർഡുടമയാകേണ്ട മുതിർന്ന വനിതാ അംഗത്തിന്റെ പേര് മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ രേഖപ്പെടുത്തേണ്ടതാണ്.

<u>എ.3</u> :- 18 വയസോ അതിൽ കൂടുതലോ പ്രായമുള്ള വനിത അംഗങ്ങൾ ഇല്ലെങ്കിൽ കാർഡുടമയാകേണ്ട പുരുഷ അംഗത്തിന്റെ പേര് എഴുതുക.

<u>എ.7, എ.8:-</u> എന്നിവയ്ക്ക് ഏറ്റവും പുതിയ വാർഡ് നമ്പരും വീട്ട് നമ്പരും രേഖപ്പെടുത്തുക.

<u>എ.14, എ.15</u> :-ഇലക്ട്രിസിറ്റി ബില്ലിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് എഴുതുക

<u>എ.17 എ.18, എ.19, എ.20:-</u> ചോദ്യങ്ങൾക്ക് ഗ്യാസ് ഏജൻസിയിൽ നിന്നും ലഭിച്ചിട്ടുള്ള പാസ്സ് ബുക്കിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് എഴുതുക.

<u>എ.22</u> :-വെള്ളക്കരം അടച്ച ബില്ലിൽ നിന്നും ശേഖരിച്ച് എഴുതുക

<u>എ.25:-</u> പെൻഷൻ ബുക്കിൽ നിന്നും ശേഖരിച്ച് എഴുതുക

<u>എ.26</u> :- കാർഡിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങളുടെ പേരും മറ്റ് വിവരങ്ങളും തിരുത്തൽ ആവശ്യമെങ്കിൽ തിരുത്തി അതാത് കോളങ്ങളിൽ വ്യക്തമായി എഴുതുക. മരണപ്പെട്ടവർ, മാറി താമസിക്കുന്ന അംഗങ്ങൾ എന്നിവരുടെ പേരിന് നേരെ കാരണം രേഖപ്പെടുത്തി വെട്ടിക്കളയുകയും , കാർഡുടമയോടൊപ്പം യഥാർത്ഥത്തിൽ താമസിക്കുന്നവരുടെ മാത്രം പേരുകൾ പുതിയതായി ഉൾപ്പെടുത്തുകയും ചെയ്യുക. സറണ്ടർ, റിഡക്ഷൻ, ജനന സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുക. ഉൾപ്പെടുത്തേണ്ട പേരുകൾ നിലവിലുള്ള പേരുകൾക്ക് താഴെ രേഖപ്പെടുത്തുകയും ചെയ്യുക. ഉൾപ്പെടുത്തുന്ന അംഗങ്ങൾ മറ്റ് റേഷൻ കാർഡുകളിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് കാർഡുടമ ഉറപ്പുവരുത്തേണ്ടതാണ്. 1.1.2015 ൽ രണ്ട് വയസ് പൂർത്തിയാകുന്ന കുട്ടികളുടെ പേരുകൾ ഫോറത്തിൽ ഉൾപ്പെടുത്തുക.

ജനന തീയതി അറിയില്ലെങ്കിൽ ജനിച്ച വർഷം രേഖപ്പെടുത്തുക. തൊഴിൽ, വരുമാനം എന്നിവയിൽ ഓരോ അംഗത്തിന്റെയും തൊഴിലും വരുമാനവും രേഖപ്പെടുത്തുക. നിലവിലുള്ള തൊഴിലിലും വരുമാനത്തിലും മാറ്റം വന്നിട്ടുണ്ടെങ്കിൽ തിരുത്ത് എന്ന കോളത്തിൽ രേഖപ്പെടുത്തുക.

 {www.mala.co.in}

കാർഡ് ഉടമയുമായുള്ള ബന്ധം, തൊഴിൽ എന്നിവ ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള പട്ടികയിലെ കോഡ് ഉപയോഗിച്ച് രേഖപ്പെടുത്തുക.

ഓരോ അംഗത്തിന്റേയും പ്രതിമാസ വരുമാനം രേഖപ്പെടുത്തേണ്ടതാണ്. ആദായ നികുതിദായകനാണെങ്കിൽ "Y" എന്നും അല്ലെങ്കിൽ "N" എന്നും രേഖപ്പെടുത്തുക.

പ്രവാസിയാണെങ്കിൽ "Y" എന്നും അല്ലെങ്കിൽ 'N'എന്നും രേഖപ്പെടുത്തുക.

എ.27:- പൊതുവിതരണ സംവിധാനം വഴി അനുവദിക്കുന്ന റേഷൻ വിഹിതം നിലവിൽ ആവശ്യമുണ്ടോ എന്നുള്ള വിവരം രേഖപ്പെടുത്തേണ്ടതാണ്.

## പാർട്ട് - ബി

പാർട്ട് ബി യിൽ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള വിവരങ്ങൾ നൽകേണ്ടതാകയാൽ കൃത്യതയോടെ പൂരിപ്പിക്കേണ്ടതാണ്.

ബി.2:- പുതിയ കാർഡിൽ ഉൾപ്പെടുത്തേണ്ട മുഴുവൻ അംഗങ്ങളുടേയും ആധാർ/എൻ.പി.ആർ വിവരങ്ങൾ ഇംഗ്ലീഷിൽ രേഖപ്പെടുത്തുകയും പകർപ്പ് ഉള്ളടക്കം ചെയ്യുകയും വേണം.

ബി.3:- പുതിയ കാർഡിൽ ഉൾപ്പെടുത്തേണ്ട അംഗങ്ങളിൽ ശാരീരിക, മാനസിക വൈകല്യങ്ങളും, മാരക രോഗങ്ങളും ഉണ്ടെങ്കിൽ അവരെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി രേഖകൾ ഉള്ളടക്കം ചെയ്യുക.

മാരക രോഗങ്ങൾ (1) കാൻസർ (2) എയ്ഡ്സ് (3) ഡയാലിസിസിന് വിധേയരാകുന്നവർ ഉണ്ടെങ്കിൽ മാത്രം രേഖപ്പെടുത്തുക.

ബി.4 ഭക്ഷ്യ സബ്സിഡി ബാങ്ക് മുഖേന ലഭ്യമാക്കുമ്പോൾ ഏതംഗത്തിന്റെ പേരിലാണ് ലഭിക്കേണ്ടതെന്നും (i) മുതൽ (vi) വരെയുള്ള വിവരങ്ങളും വ്യക്തമായി എഴുതുക.

ബി.5:- ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ റേഷൻ കടയിലോ ലഭ്യമാക്കിയിട്ടുള്ള 2009 ലെ ബി.പി.എൽ ലിസ്റ്റിൽ നിന്നും ശേഖരിച്ചെഴുതുക.

ബി.6 (i), (ii), ബി.7, ബി.9, ബി.12, ബി.13, ബി.14 എന്നീ ചോദ്യങ്ങൾക്ക് ഉണ്ട് അല്ലെങ്കിൽ ഇല്ല എന്ന് മാത്രം എഴുതുക.

ബി.6(iii), ബി.10 എന്നിവയ്ക്ക് ബാധകമായതിന് (√) മാർക്ക് ചെയ്യുക.

| Relation Code | Relation Name |
|---|---|
| 1 | ഉടമ |
| 2 | അമ്മ |
| 3 | മകൻ |
| 4 | മകൾ |
| 5 | മുത്തച്ഛൻ |
| 6 | മുത്തശ്ശി |
| 7 | ചെറുമകൻ |
| 8 | ചെറുമകൾ |

| Relation Code | Relation Name |
|---|---|
| 34 | ഭാര്യാ സഹോദരി |
| 35 | ഭർത്തൃ സഹോദരൻ |
| 36 | ഭർത്തൃ സഹോദരി |
| 37 | ചെറുമകന്റെ ഭാര്യ |
| 38 | ചെറുമകളുടെ ഭർത്താവ് |
| 40 | ചെറുമകന്റെ മകൻ |
| 41 | ചെറുമകന്റെ മകൾ |
| 42 | ചെറുമകളുടെ മകൻ |


{www.mala.co.in}

| | |
|---|---|
| 9 | സഹോദരൻ |
| 10 | സഹോദരി |
| 11 | സഹോദരി ഭർത്താവ് |
| 12 | സഹോദര ഭാര്യ |
| 13 | ഭാര്യ |
| 14 | ഭർത്താവ് |
| 15 | അച്ഛൻ |
| 16 | മരുമകൾ |
| 17 | മരുമകൻ |
| 18 | രണ്ടാനച്ഛൻ |
| 19 | രണ്ടാനമ്മ |
| 20 | അമ്മാവൻ |
| 21 | അമ്മായി |
| 22 | മാമൻ |
| 23 | മാമി |
| 24 | കൊച്ചച്ഛൻ |
| 25 | വലിയച്ഛൻ |
| 27 | കുഞ്ഞമ്മ |
| 28 | വലിയമ്മ |
| 29 | സഹോദര മകൻ |
| 30 | സഹോദര മകൾ |
| 31 | സഹോദരി മകൻ |
| 32 | സഹോദരി മകൾ |
| 33 | ഭാര്യാ സഹോദരൻ |

| | |
|---|---|
| 43 | ചെറുമകളുടെ മകൾ |
| 44 | ഭർതൃമാതാവ് |
| 45 | ഭർത്താവിന്റെ മുത്തച്ഛൻ |
| 46 | ഭർത്താവിന്റെ മുത്തശ്ശി |
| 47 | ഭർതൃസഹോദരി ഭർത്താവ് |
| 48 | ഭർതൃസഹോദരി ഭാര്യ |
| 49 | ഭർതൃപിതാവ് |
| 50 | ഭർത്താവിന്റെ രണ്ടാനച്ഛൻ |
| 51 | ഭർത്താവിന്റെ രണ്ടാനമ്മ |
| 52 | ഭർത്താവിന്റെ മാമൻ |
| 53 | ഭർത്താവിന്റെ മാമി |
| 54 | പിതൃസഹോദരൻ |
| 55 | ഭർത്താവിന്റെ കൊച്ചച്ഛൻ |
| 56 | ഭർത്താവിന്റെ വലിയച്ഛൻ |
| 57 | ഭർത്താവിന്റെ കുഞ്ഞമ്മ |
| 58 | പിതൃസഹോദരി |
| 59 | ഭർതൃസഹോദര മകൻ |
| 60 | ഭർതൃസഹോദര മകൾ |
| 61 | ഭർതൃസഹോദരി മകൻ |
| 62 | ഭർതൃസഹോദരി മകൾ |
| 63 | ഭാര്യാ പിതാവ് |
| 64 | ഭാര്യാ മാതാവ് |
| 65 | മാതൃസഹോദരൻ |
| 66 | മാതൃസഹോദരി |

| Profession Code | Profession Name |
|---|---|
| 1 | സംസ്ഥാന സർക്കാർ ജീവനം |
| 2 | കൂലി |
| 3 | കച്ചവടം |
| 4 | പൊതുമേഖല |
| 5 | പ്രൈവററ് |
| 6 | വിദ്യാർത്ഥി |
| 7 | കൃഷി |
| 8 | സ്വയംതൊഴിൽ |
| 9 | പ്രവാസി |
| 11 | ഗൃഹഭരണം |
| 12 | സർവീസ് പെൻഷണർ |

| Profession Code | Profession Name |
|---|---|
| 61 | കൊല്ലപ്പണി |
| 62 | കല്ലുവെട്ട് |
| 63 | കരിങ്കൽപ്പണി |
| 64 | വിമുക്തഭടൻ |
| 65 | കമ്പനിജോലി |
| 66 | പായ്നെയ്ത്തു തൊഴിലാളി |
| 67 | കൈത്തറി തൊഴിലാളി |
| 68 | റബ്ബർടാപ്പിംഗ് |
| 69 | അദ്ധ്യാപനം |
| 70 | മൺപാത്രനിർമ്മാണം |
| 71 | ചൂരൽപ്പണി |

| | |
|---|---|
| 13 | തൊഴിൽരഹിതർ |
| 14 | മത്സ്യത്തൊഴിലാളി |
| 16 | കയർ |
| 17 | പ്രൊഫഷണൽ |
| 18 | ചെത്തുതൊഴിലാളി |
| 20 | കേന്ദ്രസർക്കാർ ജീവനം |
| 21 | സിവിൽ സർവ്വീസ് |
| 22 | പ്രോഗ്രാമർ |
| 23 | അംഗൻവാടി വർക്കർ |
| 24 | അംഗൻവാടി ഹെൽപ്പർ |
| 25 | പാർട്ട്ടൈം ജീവനം |
| 26 | സൈനികൻ |
| 27 | അർദ്ധസൈനികൻ |
| 28 | വേദാ അദ്ധ്യാപകൻ |
| 29 | കന്യാസ്ത്രീ |
| 30 | നഴ്സ് |
| 31 | ഫാർമസിസ്റ്റ് |
| 32 | ഐറ്റി ജീവനം |
| 33 | ഇ.പി.എഫ് പെൻഷണർ |
| 34 | സെയിൽസ് ഗേൾ |
| 35 | ഖാദി തൊഴിലാളി |
| 36 | ബാധകമല്ല |
| 52 | മരംകയറ്റം |
| 53 | കശുവണ്ടിത്തൊഴിലാളി |
| 54 | ചുമട്ടുതൊഴിലാളി |
| 55 | ബീഡിതൊഴിലാളി |
| 56 | കെട്ടിടനിർമ്മാണതൊഴിലാളി |
| 57 | മരപ്പണി |
| 58 | തയ്യൽ |
| 59 | ബാർബർ |
| 60 | സ്വർണ്ണപ്പണി |

| | |
|---|---|
| 72 | അലക്കുതൊഴിലാളി |
| 73 | പുരോഹിതൻ |
| 74 | ഡ്രൈവർ |
| 75 | വൈദ്യൻ |
| 76 | പൊതുപ്രവർത്തനം |
| 78 | പെയിന്റർ |
| 79 | ടെക്നീഷ്യൻ |
| 80 | സഹകരണസ്ഥാപനം |
| 81 | ബാങ്ക് |
| 82 | ആർട്ടിസ്റ്റ് |
| 83 | അഡ്വക്കേറ്റ് |
| 84 | ചാർട്ടേർഡ് അക്കൗണ്ടന്റ് |
| 85 | പത്രപ്രവർത്തനം |
| 86 | സംവിധാനം |
| 87 | പൂജാരി |
| 88 | ഇലക്ട്രീഷ്യൻ |
| 89 | ഈറ്റത്തൊഴിലാളി |
| 90 | ഡോക്ടർ |
| 91 | എഞ്ചിനീയർ |
| 92 | കരകൗശലം |
| 93 | പ്ലംബിംഗ് |
| 94 | വീട്ടുജോലി |
| 95 | മെക്കാനിക്ക് |
| 96 | കോൺട്രാക്ടർ |
| 97 | ഹോട്ടൽ തൊഴിലാളി |
| 98 | ആശാരി |
| 99 | സെയിൽസ്മാൻ |
| 100 | കർഷകൻ |
| 101 | ജഡ്ജി |
| 102 | ഫോട്ടോഗ്രാഫി |